II ഇ.ബി. XV- കേരള നിയമസഭ/XIV-7

# പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 ഒക്ടോബർ 6, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദത്തിൽ തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ബഹു. സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് സഭാനടപടികൾ തടസപ്പെടുത്തിക്കൊണ്ടിരുന്നു.)

29 (*181) <u>കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടപ്പാക്കുന്ന സംരംഭകത്വ വികസന പദ്ധതി</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി, സ്റ്റാർട്ടപ്പ് കേരള വായ്പാ പദ്ധതി, കാർഷികാധിഷ്ഠിത എം.എസ്.എം.ഇ. വായ്പാ പദ്ധതി എന്നിവയിലൂടെ സ്റ്റാർട്ടപ്പ് സംരംഭകർക്കും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കും ഏറെ പ്രയോജനം ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കൂടുതൽ സംരംഭങ്ങൾക്ക് പ്രയോജനപ്പെടത്തക്ക വിധം സ്കെയിൽ അപ്പിനായി നൽകുന്ന വായ്പാതുകയുടെ പരിധി 3 കോടി രൂപയായും പർച്ചേസ് ഓർഡറുകൾക്കും വെഞ്ച്വർ ഡെബ്റ്റ് ഫണ്ടിങ്ങിനും നൽകുന്ന വായ്പയുടെ പരിധി 15 കോടി രൂപയായും ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. CMEDP മുഖേന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായസംരംഭങ്ങൾക്ക് 5 ശതമാനം പലിശനിരക്കിൽ രണ്ട് കോടി രൂപ വരെ വായ്പ അനുവദിക്കുന്നുണ്ടെന്നും നിലവിൽ 3183 സംരംഭങ്ങൾക്കായി 112.02 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ടെന്നും 82700 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും സ്റ്റാർട്ടപ്പ് കേരള വായ്പാ പദ്ധതി മുഖേന സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് ആശയരൂപീകരണം മുതൽ വിപുലീകരണം വരെയുള്ള വിവിധ ഘട്ടങ്ങളിലായി 5.6 ശതമാനം പലിശ നിരക്കിൽ ഈടില്ലാതെ വായ്പ ലഭ്യമാക്കുന്നുണ്ടെന്നും ഇതുവരെ 77 കമ്പനികൾക്കായി 97.72 കോടി രൂപ വായ്പ നൽകിയിട്ടുണ്ടെന്നും കാർഷികാധിഷ്ഠിത എം.എസ്.എം.ഇ. വായ്പാ

പദ്ധതി പ്രകാരം സംരംഭകർക്ക് 6 ശതമാനം പലിശ നിരക്കിൽ പത്ത് കോടി രൂപ വരെ വായ്പ ലഭ്യമാക്കുന്നുണ്ടെന്നും 41 യൂണിറ്റുകൾക്ക് 95.13 കോടി രൂപ വായ്പ നൽകിയിട്ടുണ്ടെന്നും 1025 പേർക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗം റദ്ദ് ചെയ്യുകയും രാവിലെ 9.06-ന് സഭ താല്ക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തു.)

------------